
ഫർദീസ്. എ. വി., അസീറ എൻ. പി., റഷീദ്. കെ. കെ.



# നമ്മുടെ വായന



*മലയാളിയുടെ വായന*

*മരിക്കുകയാണോ?*

*ഉപഭോഗ സംസ്കാരത്തിന്റെ*

*വേലിയേറ്റത്തിൽ*

*മലയാളിയുടെ വായനയ്ക്കെന്ത്*

*സംഭവിക്കുന്നു?*

*ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ ആധിപത്യം*

*പ്രസിദ്ധീകരണങ്ങളെ*

*എങ്ങിനെ സ്വാധീനിക്കുന്നു?*

*വിദ്യാർത്ഥികളുടെ അദ്ധ്യാപകരുടെ*

*വായന എവിടെ നില്ക്കുന്നു?*

*എഴുത്തുകാരും അദ്ധ്യാപകരും*

*പ്രസാധക പ്രതിനിധിയും*

*പങ്കെടുക്കുന്ന വിശകലനം*

**നമ്മുടെ വായന**

എം. ടി. വാസുദേവൻ നായർ

എൻ. പി. മുഹമ്മദ്

പി. വൽസല

കുഞ്ഞുണ്ണി

ശത്രുഘ്നൻ

പോൾ കല്ലാനോട്

പ്രൊഫ. എം. പി. മത്തായി

പ്രൊഫ. വാസുദേവനുണ്ണി

പ്രൊഫ. എം. താഹിർ

എം. അയൂബ്

ഷാഹിന ബഷീർ

*ഫീച്ചറിന് അടിസ്ഥാനമാക്കിയ*

## ചോദ്യാവലി

1. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ വന്ന നൂതന മാറ്റങ്ങൾ വായനയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ?

2. ആധുനിക ജീവിതത്തിന്റെ സംഘർഷങ്ങളും വേവലാതികളും മനുഷ്യരെ വായനയുടെ ലോകത്തുനിന്നും മാറിപ്പോകാൻ കാരണമാകുന്നുണ്ടോ? എന്തുകൊണ്ട്?

3. ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ ഏതുവിധം ഇന്നു വായനയുമായി ബന്ധപ്പെട്ട് കിടക്കുന്നു.

4. അയ്യായിരത്തോളം വർഷക്കാലം പഴക്കമുള്ള ലിഖിതഭാഷയ്ക്കും അത്ര തന്നെ പ്രായമില്ലാത്ത വായനയ്ക്കും മനുഷ്യ സംസ്ക്കാരത്തിൽ ശ്രദ്ധേയമായ സംഭാവന നൽകാൻ സാധിച്ചതെന്തുകൊണ്ട്?

5. വായന താങ്കളുടെ ജീവിതത്തിൽ ഏതുവിധം പ്രതികരണങ്ങളുണ്ടാക്കി? വിലയിരുത്താനാവുമോ?

6. വായനയും സർഗാത്മക രചനയും എത്രമാത്രം ബന്ധപ്പെട്ടു കിടക്കുന്നു?

7. പുതിയ തലമുറയുടെ വായനാശീലത്തെക്കുറിച്ച് എന്താണഭിപ്രായം?

8. ഇന്നത്തെ അദ്ധ്യാപക സമൂഹത്തിന്റെ വായനാശീലത്തെക്കുറിച്ച് പ്രതികരണം?

9. വാരികകളുടെ എണ്ണത്തിലും പ്രചാരത്തിലും വന്ന മാറ്റം ജനസംഖ്യാ വർദ്ധനയുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രത്തോളം ആശാവഹമാണ്?

10. വാരികകളുടെയും ദിനപത്രങ്ങളുടെയും പ്രചാരം മലയാളിയുടെ വായനയിൽ ഗുണപരമായ മേന്മ കുറിക്കുന്നുണ്ടോ? വിശദീകരണം.

11. കാമ്പസ്സിന് വന്ന പുത്തൻ പ്രവണതകൾ, വായനയുടെ അഭാവം കൊണ്ടാണെന്ന് കരുതുന്നുവോ?

12. വായന അനാവശ്യമാകുന്ന ഒരു കാലത്തെ മനസ്സിൽ കാണാനാവുമോ? അങ്ങിനെയുണ്ടായാൽ പ്രത്യാഘാതങ്ങളെന്തായിരിക്കും?

# നമ്മുടെ വായന



വായന മരിക്കുകയാണോ? വരും കാലം കേരളത്തിലും മുഴങ്ങികേൾക്കാനിടയുള്ള ചോദ്യമാണിത്. കാരണം നമ്മുടെ സാമൂഹ്യാന്തരീക്ഷങ്ങളിലെ യാഥാർത്ഥ്യങ്ങൾ വിരൽചൂണ്ടുന്നത് ഈ സത്യത്തിലേക്കാണ്.

അയ്യായിരത്തോളം വർഷം പഴക്കമില്ലാത്ത വായനക്ക് നാം നിർവ്വചനങ്ങൾ തേടി ഇന്നലയുമ്പോൾ മാനവസംസ്കാരത്തിന്റെ വളർച്ചയിൽ വായന വഹിച്ച പങ്ക് ഇന്നു ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. കാര്യങ്ങൾ അറിയുവാനും മനസ്സിലാക്കുവാനുമുള്ള മനുഷ്യന്റെ വിജ്ഞാന തൃഷ്ണയെ ശമിപ്പിക്കുകയെന്ന ധർമ്മം നിർവ്വഹിക്കുന്നതോടൊപ്പംതന്നെ വായന സമൂഹത്തിനു സാംസ്കാരികമായൊരടിത്തറയും നിർമ്മിക്കുന്നുണ്ടെന്ന സമൂഹങ്ങളുമായി ഇന്നത്തെ സമൂഹങ്ങളെ തട്ടിച്ചു നോക്കുമ്പോൾ നമുക്ക് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം മനസ്സിലാക്കാം.

# നമ്മുടെ വായന

ഫീച്ചർ



പൊതുവെ രണ്ടുതരം വായനയാണ് നമ്മുടെ സാമൂഹ്യക്രമത്തിൽ നിലനിൽക്കുന്നത്; ഒന്ന് താരതമ്യേന ആഴം കുറഞ്ഞ വായനാനുഭവങ്ങൾ നൽകുന്ന പത്രമാസികാ പ്രസിദ്ധീകരണവായനയും മറ്റൊന്ന് അനുഭൂതികളുടെയും അറിവുകളുടെയും മഹനീയ മുഹൂർത്തങ്ങളിൽ ഊളിയിട്ടുറങ്ങുവാൻ നമ്മെ സഹായിക്കുന്ന പുസ്തകവായനയും. ഇവിടെ പലപ്പോഴും വാതിലുകൾക്കപ്പുറം അനേകം വാതിലുകളുള്ള വായനയുടെ ലോകം തുറക്കപ്പെടുന്നു.

കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളെയും, യുവതലമുറയിലെ പുതിയപ്രവണതകളെയും കൂട്ടി വായിക്കുമ്പോൾ ഉയരുന്ന ഒരു ചോദ്യമുണ്ട്; വായന മരിക്കുകയാണോ?


ഇന്നിന്റെ നൂറ്റാണ്ടിൽ വായന ചില വെല്ലുവിളികളെ നേരിടുകയാണ്. കടുത്ത പരീക്ഷണരംഗം മാത്രമായിമാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസരംഗവും, സംഘർഷങ്ങളും വേവലാതികളും സമ്മാനിക്കുന്ന കമ്പോളാധിഷ്ഠിത സമൂഹവും വായനക്ക് മുമ്പിൽ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുമായാണ് കടന്നുവരുന്നത്. ഇവിടെ സമൂഹം ടെലിവിഷനിലേക്കും, കംപ്യൂട്ടറിലേക്കും, തിരിയുന്ന വായന വീണ്ടുമൊരു പ്രതിസന്ധിയെ നേരിടുകയല്ലെ ചെയ്യുന്ത്? വായന മരിക്കുകയാണോ?

സമൂഹത്തിലെ വ്യത്യസ്ത മേഖലകളിലെ പ്രഗത്ഭ വ്യക്തികളുടെ മുന്നിൽ വായനയെക്കുറിച്ചുള്ള ഈ ശങ്കകൾ ഞങ്ങൾ അവതരിപ്പിക്കുകയുണ്ടായി. അവരിൽ പലരുടെയും അഭിപ്രായങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു. ഭാവിയെ നോക്കിക്കാണുവാനുള്ള ഒരു താക്കോൽപ്പഴുതായിമാറുമെന്ന ശുഭാപ്തിവിശ്വാസത്തോടെ.

## എം. ടി.

മലയാള കഥാസാഹിത്യലോകത്തിലെ കുലപതിയെന്നു വിശേഷിപ്പിക്കപ്പെടുന്ന എം. ടി. വാസുദേവൻ നായരുടെയടുത്ത് ഈ ആവശ്യാർത്ഥം ഞങ്ങൾ കടന്നുചെന്നപ്പോൾ അദ്ദേഹം തന്റെ തിരക്കുപിടിച്ച സമയത്തിൽ നിന്നും ഒരല്പം ഞങ്ങൾക്കു വേണ്ടി നീക്കിവെയ്ക്കുവാൻ തയ്യാറായി, അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ;

''സാഹിത്യം എപ്പോഴും ന്യൂനപക്ഷത്തിനു വേണ്ടിയാണ് രചിക്കപ്പെട്ടിട്ടുള്ളത്. സാഹിത്യാസ്വാദകരുടെ എണ്ണം എന്നും എവിടെയും കുറവായിരുന്നു. സാഹിത്യം ഒരു പോപ്പ് സംഗീതത്തെ പോലെയോ, പോപ്പ് കലയെ പോലെയോ ജനങ്ങളെ ആകർഷിച്ചു കൊള്ളണമെന്നില്ല, എങ്കിലും അവ Popular ആണ്. അവയുടെ ലക്ഷ്യം Popularity തന്നെ. സിനിമ വന്നപ്പോൾ നാടകം ഇനി ഇല്ല, എന്ന് പറഞ്ഞവരുണ്ട്. പക്ഷെ ഇന്നും നാടകം നിലനില്ക്കുന്നു. അതുപോലെതന്നെ ഇലക്ട്രോണിക് മാധ്യമങ്ങൾ വായനക്ക് ഒരുപരിധിവരെ പ്രതികൂലമായി ബാധിക്കുന്നുണ്ടെങ്കിലും വായന നമ്മിൽ നിന്നും അന്യം നിന്നു പോകില്ല. വായനയിൽ താത്പര്യമുള്ളവർ ഇവയെല്ലാം അതിജീവിക്കും''. ഇത്രയും പറഞ്ഞ ശേഷം കാമ്പസുകളിലെ പുതു പ്രവണതകളെക്കുറിച്ച് വാചാലതയോടെ സംസാരിച്ചു അദ്ദേഹം; ''നമ്മുടെ കാമ്പസിൽ എന്ത് മാറ്റമാണ് വന്നിട്ടുള്ളത്, മാറ്റം അവരുടെ വേഷത്തിലും സംഗീതത്തിലും മാത്രം ഇത് ഫാഷന മാത്രം, ഫാഷൻ മാറിക്കഴിഞ്ഞാൽ അവർ വീണ്ടും നമ്മളിലേക്ക് തന്നെ മടങ്ങുന്നു. കാമ്പസിൽ അന്നും ഇന്നും വായിക്കുന്നവരുടെ എണ്ണം കുറവായിരുന്നു ഇന്ന് രസത്തിന് കാൽപ്പനിക(Romantic) പുസ്തകങ്ങൾ വായിക്കുന്നവർ നാളെ ഗൗരവമേറിയ പുസ്തകങ്ങളുടെ വായനക്കാരായി മാറും എന്റെ വായന എഴുത്തിന്റെ വളക്കൂറ്(Fertility) കൂട്ടുവാൻ നന്നായി സഹായിച്ചിട്ടുണ്ട്''. അവസാനമായി ഇത്രയും പറഞ്ഞു കൊണ്ടദ്ദേഹം വീണ്ടും നാലുകെട്ടുകളുടെ ലോകത്തേക്ക് (കഥയുടെയും നോവലിന്റെയും) തന്റെ ചിന്തയോടൊപ്പം തിരിച്ചു പറന്നു.



നമ്മുടെ
വായന

ഫീച്ചർ

# എൻ. പി. മുഹമ്മദ്

"ചോദ്യം മനസ്സിലാവുന്നില്ല! വായിക്കാതെ സർഗ്ഗാത്മകരചന ഉണ്ടാകുമോ?'' തർക്കശാസ്ത്രം പഠിക്കാതെ സാഹിത്യ സംവാദങ്ങളിൽ ചവച്ചരച്ച വിചാരങ്ങൾ ഉതിർത്തും തർക്കിക്കുന്ന എണ്ണപാടത്തിന്റെ കഥാകാരൻ എൻ. പി. മുഹമ്മദ്. വായനയും സർഗാത്മകരചനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ ആദ്യ പ്രതികരണമിതായിരുന്നു. എൻ. പി. തുടർന്നു: ''സർഗാത്മക രചനയ്ക്ക് രണ്ട് വശങ്ങളാണുള്ളത് അതിന്റെ ഭാവവും ശിൽപവും. മനുഷ്യ ഹൃദയ പരിജ്ഞാനമുള്ളവർക്ക് സ്വർഗ്ഗീയമായ കാഴ്ചപ്പാടുകൾ നൽകപ്പെടുന്നു. ഈ കാഴ്ചപ്പാടുകൾ ഭാഷയിൽ ആവിഷ്ക്കരിക്കുന്നത് രൂപ ശിൽപ്പമാണ്. രൂപം ജീവിതത്തിൽ നിന്നും ലഭിക്കുന്നു. രൂപബോധം വായനയിൽ നിന്നുണ്ടാകുന്നു. ടി. പത്മനാഭൻ 'ജയിംസ്ജോയിസിനെ' വായിച്ചിരുന്നില്ലെങ്കിൽ ഇന്ന് അദ്ദേഹം എഴുതുന്ന മാതിരി എഴുതുവാൻ കഴിയുമായിരുന്നില്ല. ആനന്ദ് കാഫ്കെ ഗൗരവ പൂർണ്ണമായ വായനയിൽനിന്നും മൗനത്തിൽനിന്നും മനുഷ്യനെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ അകറ്റുന്നു. കാരണം ഇവയ്ക്ക് മുമ്പിലാണ് സാധാരണക്കാരൻ വിശ്രമവും, താൽക്കാലിക മോചനവും തേടി എത്തുന്നത്.

ലിഖിത ഭാഷയുടെ ആവിർഭാവം മനുഷ്യ സംസ്ക്കാരത്തിന്റെ ഒരു നാഴികക്കല്ലാണ്. അച്ചടിയുടെ കണ്ടുപിടുത്തം ആശയ വിനിമയ രംഗത്ത് സ്ഫോടനാത്മകമായ മാറ്റം സൃഷ്ടിച്ചു. മനുഷ്യ സംസ്ക്കാരത്തിന്റെ ഉജ്ജ്വല ചരിത്രം ഭാഷാ മാധ്യമത്തിന്റെ സഫലമായ ഉപയോഗം കൊണ്ടുകൂടി രൂപപ്പെട്ടതാണ്.

എന്റെ ജീവിതത്തെ രൂപപ്പെടുത്തിയത് വായനയാണ്. മറ്റു വഴികൾ എന്റെ മുമ്പിൽ തുറക്കാൻ സാദ്ധ്യമല്ലായിരുന്നതുകൊണ്ടാവും. പരാശ്രയവും പരാധീനതയുമില്ലാതെ സ്വതന്ത്രമായി സ്വീകരിക്കാവുന്ന ഒരേയൊരു പാത, എന്നെ സംബന്ധിച്ച് വായന തുറന്നുതന്നു. ഈ വഴിയേ എനിയ്ക്കാരുടെയും അനുവാദമോ, സഹായമോ ആവശ്യമായിരുന്നില്ല.

ആനന്ദ് കാഫ്കെ വായിച്ചിരുന്നില്ലെങ്കിൽ അദ്ദേഹം ഇന്നെഴുതുന്ന തരത്തിലുള്ള നോവലുകൾ എഴുതുവാൻ കഴിയുമായിരുന്നില്ല. ഇത്രയുംകൂടെ കൂട്ടിച്ചേർത്തു. ''എനിയ്ക്ക് അറിയില്ല, ന്യൂനപക്ഷമാണ് വായന എന്നും സ്ഥിര സ്വഭാവമാക്കിയിട്ടുള്ളത്. ഫ്രാൻസിലെ സാധാരണക്കാർ ആഴ്ചയിൽ ഇരുപത് മണിക്കൂർ ദൃശ്യ മാധ്യമമായ ടെലിവിഷന്റെ മുമ്പിൽ ചിലവഴിക്കുന്നു. ജപ്പാനിലെയും സ്ഥിതി ഇതുതന്നെയാണ്. ഇത്തരം മാധ്യമോപാധികളില്ലാത്ത അവസ്ഥയിൽ ആളുകൾ വായനയിലേക്ക് മാറിവരുന്നു എന്നുള്ള റിപ്പോർട്ട് അസാധ്യമാണ്. പുതിയ സമൂഹത്തിന്റെ വായനാശീലത്തെയും, അധ്യാപക സമൂഹത്തിന്റെ വായനാശീലത്തെ കുറിച്ച് എൻ. പി. പറയുന്നത് ശ്രദ്ധിക്കുക. ''ഞാൻ പഴയ തലമുറക്കാരനാണ്. അതുകൊണ്ട് പുതിയ തലമുറ എങ്ങനെ വായിക്കുന്നുവെന്നുള്ള ജ്യോതിഷം എനിക്കറിയില്ല. അദ്ധ്യാപക സമൂഹത്തിലും ഇതുതന്നെ സ്ഥിതി!'' ''വർദ്ധിച്ചുവരുന്ന വാരികകളും മറ്റും ജീവിതത്തെക്കുറിച്ചുള്ള ഒരുൾക്കാഴ്ച വളരെ കുറച്ചേ നൽകുന്നുള്ളു.'' അവസാനമായി വായന അനാവശ്യമാകുന്ന ഒരു കാലത്തെക്കുറിച്ചും അവയുടെ അനന്തര ഫലങ്ങളെക്കുറിച്ചും ചോദിച്ചപ്പോൾ എൻ. പിയിലെ നോവലിസ്റ്റ് ഉണർന്നു. ''കാണാനാവും ഇപ്പോൾ തന്നെ അതിന്റെ പ്രാരംഭം തുടങ്ങിയിരിക്കുകയല്ലേ. സമ്പൂർണ്ണമായ കമ്പ്യൂട്ടർ വിപ്ലവം വരികയും, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വായനയെ മറികടക്കുകയും ചെയ്താൽ ആ ഭാഷ വെറും കമ്മ്യൂണിക്കോളജി മാത്രമായി മാറുകയും, കമ്മ്യൂണിക്കോളജി ജീവിതത്തിന്റെ സന്നിഗ്ദതയെക്കുറിച്ച് നിസംശമായ ഒരു നിലപാടിലേക്ക് വരികയും ചെയ്താൽ ഭവിയിലെ ആളുക്ൾ നമ്മുടെ ചുവരുകളിൽ എഴുതിവെച്ച മുദ്രാവാക്യങ്ങൾ കാണാൻ നമ്മുടെ പൂർവഗാമികൾ പ്രാകൃതമായ ചിത്രരചനയിൽ ഏർപ്പെടാൻ തുടങ്ങും. ഗവേഷണംമൂലം പി.എച്ച്.ഡി.കൾ അന്നുണ്ടെങ്കിൽ തയ്യാറാക്കുമായിരിക്കാം!?'' ഇത്രയും പറഞ്ഞ് 'സുതല' ത്തിനുള്ളിലേക്ക് ആ കോഴിക്കോടിന്റെ കഥാകാരൻ നീങ്ങി.

# നമ്മുടെ വായന

ഫീച്ചർ

## വത്സല



പലപ്പോഴും വിവാദങ്ങളിൽ പെടാതെ തന്റേതായ കഥാപ്രപഞ്ചത്തിലെ കഥാപാത്രങ്ങളോടൊപ്പം സഞ്ചരിക്കാറുള്ള മലയാളത്തിന്റെ പ്രിയ കഥാകാരി പി . വത്സലയുടെ പ്രതികരണങ്ങൾ:

''ഇന്നലെവരെ അജ്ഞാതമായിരുന്ന, പൊലിമ കൂടിയ ഒരു ബഹുവർണ്ണ ജീവിതം അവരുടെ മുമ്പിൽ സ്വപ്നംപോലെ അവതരിക്കുന്നു. ഏതാണ് ജീവിതം, ഏതാണ് സ്വപ്നമെന്നു തിരിച്ചറിയാൻ കഴിയാതെ ഒരു വിഭ്രമാവസ്ഥയിൽ കുട്ടികളും മുതിർന്നവരും പെടുന്നു. ടി.വി.ക്ക് മുന്നിലെ മാതാപിതാക്കളുടെ കുത്തിയിരിപ്പ് മക്കളേയും അങ്ങോട്ടാകർഷിക്കുന്നു. എല്ലാ തലമുറയിലും പെട്ടവരെ ഒരു മയക്കുമരുന്നുപോലെ ഈ മാധ്യമം ആകർഷിക്കുന്നു, മുമ്പ് വായനക്കുവേണ്ടി ഒരു വായനക്കാരൻ ശരാശരി നീക്കിവെച്ചിരുന്ന സമയത്തെയാണ് ഇന്നു ടി. വി. നഷ്ടപ്പെടുത്തുന്നത്. കൂടാതെ കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുവാനുള്ള നിഷ്കർഷയും, സാഹചര്യവും കുറഞ്ഞുവരുന്നു എന്നതാണ് യാഥാർത്ഥ്യം.

ഗൗരവപൂർണമായ വായനയിൽ നിന്നും മനനത്തിൽനിന്നും മനുഷ്യനെ അകറ്റുന്നു. ശ്രാവ്യ മാധ്യമത്തിന്റെ മുമ്പിൽ വിശ്രമവും താൽക്കാലിക മോചനവും തേടിയാണ് അവനെത്തുന്നത്.

ലിഖിത ഭാഷയുടെ ആവിർഭാവം മനുഷ്യ സംസ്ക്കാരത്തിന്റെ ഒരു നാഴികക്കല്ലാണ്. അച്ചടിയുടെ കണ്ടുപിടുത്തം ആശയ വിനിമയ രംഗത്ത് സ്ഫോടനാത്മകമായ മാറ്റം സൃഷ്ടിച്ചു. മനുഷ്യ സംസ്ക്കാരത്തിന്റെ ഉജ്വല ചരിത്രം ഭാഷാ മാധ്യമത്തിന്റെ സഫലമായ ഉപയോഗം കൊണ്ടുകൂടി രൂപപ്പെട്ടതാണ്.

എന്റെ ജീവിതത്തെ രൂപപ്പെടുത്തിയത് വായനയാണ്. മറ്റു വഴികൾ എന്റെ മുമ്പിൽ തുറക്കാൻ സാധ്യമല്ലായിരുന്നതു കൊണ്ടാവും. പരാശ്രയവും പരാധീനതയുമല്ലാതെ സ്വതന്ത്രമായി സ്വീകരിക്കാവുന്ന ഒരേയൊരു പാത എന്നെ സംബന്ധിച്ച് വായന തുറന്നുതന്ന വഴി മാത്രമായിരുന്നു. ഈ വഴിയേ നടക്കാൻ എനിയ്ക്ക് ആരുടെയും സഹായമോ, അനുവാദമോ ആവശ്യമായിരുന്നില്ല. മറ്റൊന്നിനും എന്റെ ഈ സ്വാതന്ത്ര്യത്തെ ചങ്ങലക്കിടാൻ കഴിയുമായിരുന്നില്ല. അയൽപക്കത്തെ ഒരു സമപ്രായക്കാരിയോടുപോലും സംസാരിക്കുന്നത് നിഷിദ്ധമായി കണക്കാക്കപ്പെട്ടിരുന്ന ഒരു യാഥാസ്ഥിതിക തറവാട്ടിൽ പിറന്ന എനിക്ക് ആശയ സമ്പാദനത്തിനും, സംവാദനത്തിനും മറ്റൊരു മാർഗ്ഗം ഉണ്ടായിരുന്നില്ല.

തീർച്ചയായും ഒരു എഴുത്തുകാരന് ഇത് സമ്പന്നമായ ഒരു മനസ്സിനെ നൽകുന്നു. ഇത്തരം സമ്പന്നമായ മനസ്സുകളില്ലാത്തവരുടെ രചന വെറും ഒരു Flight of Colourful ideas മാത്രമായിരിക്കും. പുതിയ തലമുറയിൽ വായിക്കുന്നവർ താരതമ്യേന കുറഞ്ഞുവരികയാണ്. ഒരു കുട്ടി വേണ്ടതും വേണ്ടാത്തതുമായ കാര്യങ്ങൾ സ്ക്കൂൾ സിലബസിൽ നിന്നും പഠിക്കുവാൻ നിർബന്ധിക്കപ്പെടുമ്പോൾ സമയക്കുറവ് ഒരു കാരണമാകുന്നു.

എന്റെ അറിവിലുള്ള അദ്ധ്യാപക സമൂഹത്തിലെ ബഹുഭൂരിപക്ഷവും 'പഠിപ്പിക്കൽ' ഏറ്റെടുത്തതോടുകൂടി പുസ്തകത്തെ ഉപേക്ഷിച്ചവരാണ്.

വാരികകൾ ഇന്ന് മറ്റേതു കാലത്തെക്കാളും കൂടുതലായും പ്രചരിപ്പിക്കുകയും, വായിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ആഴത്തിലുള്ള വായനക്ക് ഇവിടെ സ്ഥാനമില്ല. ഇതിനെ കൗതുകപരമായ വായന എന്നു വിശേഷിപ്പിക്കാം.

മലയാളിയുടെ വായനയിൽ വാരികകൾ പരപ്പുളവാക്കിയിട്ടുണ്ട്. ഗുണപരമായ മേന്മക്ക് ഇവിടെ പ്രസക്തിയില്ല.


ഇന്ന് കാമ്പസ്സുകൾ യുവജനങ്ങളുടെ വിനോദ വേദിയായിമാറിയിരിക്കുന്നു. പഠനം വിനോദത്തിന്റെ വശ്യതക്ക് അടിമപ്പെടുന്നു. യുവജനങ്ങൾക്ക് കൂടിക്കഴിയാനുള്ള ഒരുത്സവവേദിയാണിന്ന് കേമ്പസ്. ഉത്സവം നല്കുന്ന ഗുണങ്ങൾ ചിലതുണ്ടല്ലോ. അതു കാമ്പസിൽ നിന്നു കിട്ടുന്നു.

വായന അനാവശ്യമാകുന്ന ഒരു കാലം ഒരിക്കലും ഉണ്ടാകില്ല.

# നമ്മുടെ വായന


*ഫീച്ചർ*

## കുഞ്ഞുണ്ണി



**കൊ**ച്ചുകവിതകളിലൂടെ മലയാളിക്ക് പ്രിയങ്കരനായ കുഞ്ഞുണ്ണി പ്രതികരിച്ചു; "വായന എന്നും എന്നെ നന്നാക്കുക മാത്രമെ ചെയ്തിട്ടുള്ളൂ" വെന്ന് പറഞ്ഞ കുഞ്ഞുണ്ണി മാഷ് സർഗ്ഗാത്മക രചനയും വായനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞു, "വായനയില്ലാതെ സർഗ്ഗാത്മക രചനയില്ല. വായന എന്നാൽ എഴുതിയോ അച്ചടിച്ചോ ഉണ്ടാക്കിയ പുസ്തകങ്ങളുടെ വായനമാത്രമല്ല. മറിച്ച് ഈ പ്രപഞ്ചമാണ് ഏറ്റവും വലിയ പുസ്തകം, അതാണ് വായിച്ചുകൊണ്ടേയിരിക്കേണ്ടത്. നല്ല വായനക്കാർ ഇന്നും അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിലുണ്ട്. എങ്കിലും മറ്റുദ്യോഗസ്ഥന്മാരിൽ എന്ന പോലെത്തന്നെ കുറവാണ്". വർദ്ധിച്ചു കൊണ്ടിരിക്കുന്ന വാരിക-മാസികകളെക്കുറിച്ചന്വേഷിച്ചപ്പോൾ, "വാരിക-മാസികകളുടെ എണ്ണം ഇന്നു വളരെയധികം കൂടുന്നുണ്ട്. ഇത് നിയമം കൊണ്ടു തടയണം. കാരണം കടലാസ് ഒരു വിലയേറിയ വസ്തുവാണ്, അത് ഉണ്ടാക്കുന്നത് മരം കൊണ്ടാണെന്നതുകൊണ്ട്; എന്നായിരുന്നു മറുപടി. കാമ്പസ്സിന് വന്ന പുത്തൻ പ്രവണതകൾ വായനയുടെ അഭാവം കൊണ്ടല്ലെന്നു പറഞ്ഞു കുഞ്ഞുണ്ണി മാഷ്.

## ശത്രുഘ്നൻ



**പ്ര**ശസ്ത ചെറുകഥാകൃത്ത് ശത്രുഘ്നന്റെ; ഞങ്ങളുടെ ചോദ്യങ്ങളോടുള്ള പ്രതികരണം:

വായനയെ പ്രതികൂലമയി ബാധിച്ചിട്ടുള്ളത്, മനുഷ്യമനസ്സിന്റെ മാറ്റങ്ങളാണ്.

ആധുനിക ജീവിത്തിന്റെ വേവലാതികൾ കൺസ്യൂമറിസത്തിൽ നിന്നുണ്ടായതാണ്. ഇതാണെങ്കിൽ നമ്മുടെ നാട്ടിൽ തുടങ്ങിയിട്ടേയുള്ളു. ജോലിഭാരം കൊണ്ടു മരിച്ചു പോകുന്നവർ പോലുമുണ്ട് ജാപ്പാനിൽ.

പുസ്തക നിരൂപണങ്ങൾ, സാഹിത്യചർച്ചകൾ, വിജ്ഞാനമേഖലയിലെ സംഭാഷണങ്ങൾ ഇവയൊക്കെ പ്രേക്ഷകനെ പുസ്തകവായനക്കും മറ്റും പ്രേരിപ്പിച്ചേക്കാം.

സംസ്കാരമെന്നാൽ ശുദ്ധീകരണ പ്രക്രിയയാണ്. എഴുത്തും വായനയും ചിന്തയും ചർച്ചകലകളുമെല്ലാം ഇതിൽ തുല്യപങ്കുവഹിക്കുന്നു.

വായന എന്നെ സംബന്ധിച്ചിടത്തോളം മറ്റൊരു ലോകത്തിലേക്കുള്ള പ്രവേശമാണ്. വാതിലു

കൾക്കപ്പുറം തുറക്കപ്പെടുന്ന അനേകം വാതിലുകൾ പോലെയാണ് ആ ലോകം.

സർഗാത്മകത ജൻമവാസനയാണ്. അതിനെ പരിപോഷിപ്പിക്കാനും, മറ്റുള്ളവർ എങ്ങനെ എഴുതുന്നു എന്നു പഠിക്കാനുമാണ് വായന സഹായിക്കുക.

പുതിയ തലമുറ വായനയിലൂടെ മാത്രമല്ല ജീവിതത്തിന്റെ പാഠങ്ങൾ പഠിക്കുന്നതും അനുഭൂതികൾ ആസ്വദിക്കുന്നതും ആനുപാതികമായി വായന കുറഞ്ഞുപോയെങ്കിൽ അത് സ്വാഭാവികം മത്രം.

പരിചയമുള്ള അദ്ധ്യാപകരെല്ലാം പാഠ്യ വിഷയങ്ങളും പാഠ്യേതരവിഷയങ്ങളും പ്രാധാന്യത്തോടെ വായിക്കുന്നു എന്നാണ് എന്റെ അറിവ്.

ഓരോ വാരികക്കും ഒരു പൊതു വിപണന തന്ത്രമുണ്ടായിരിക്കാം. പ്രചാരം ഇതിനനുസരിച്ചായിരിക്കും അച്ചടിക്കുള്ള കടലാസിന്റെ വിലക്കയറ്റവും, അച്ചടിച്ചു കഴിഞ്ഞ പഴകിയ കടലാസിന്റെ വിലക്കുറവും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ വായന നേരമ്പോക്കാക്കി എടുത്തവരുടെ എണ്ണത്തെക്കുറിച്ച് നമുക്ക് ഭയം തോന്നേണ്ടതാണ്.


നീതിയെക്കുറിച്ചുള്ള ബോധവും അതില്ലാതാവുന്നതിനെക്കുറിച്ചുള്ള ഉത്കണ്ഠയുമാണ് പത്ര–വാരിക വായനക്കാരുടെ ഇന്നത്തെ അവസ്ഥ. ഇത് ഗുണപരമായ ഒരവസ്ഥ തന്നെയാണ്. ഈ അസ്വസ്ഥതയുടെ പ്രതികരണങ്ങളും പ്രതിപ്രവർത്തനങ്ങളും ഉയർന്നുവരാൻ ഇനിയും കാലം പിടിക്കും. ഗുണമോ, ദോഷമോ അതു ചെയ്യുക എന്ന് കാലം തന്നെ തെളിയിക്കേണ്ടിവരും.

കോളേജ് വിദ്യാർത്ഥികൾ വായിക്കാത്തവരാണെന്ന അഭിപ്രായം എനിക്കില്ല.

വായന അനാവശ്യമാകുന്ന ഒരു കാലം ഉണ്ടാവില്ല. അങ്ങനെ ഉണ്ടാവരുതേ എന്നാണെന്റെ പ്രാർത്ഥന. ●

## നമ്മുടെ വായന

ഫീച്ചർ



# പ്രൊഫ. എം. പി. മത്തായി

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗാന്ധിയൻ തത്വചിന്ത വിദ്യാർത്ഥികൾക്ക് പകർന്നു കൊടുക്കുന്ന ഒരു അദ്ധ്യാപകൻ എന്ന നിലക്കും, പ്രഗത്ഭനായ വാഗ്മി എന്ന നിലക്കും പ്രസ്തനായ ഡോ. എം. പി. മത്തായി അഭിപ്രായപ്പെട്ടു:

സംഘർഷങ്ങളുടെയും വേവലാതികളുടെയും, നീർച്ചുഴിയിൽ പ്പെട്ടുപോകുന്ന മനുഷ്യമനസ്സിന് വായനക്ക് അത്യാവശ്യമായ ഏകാഗ്രത നഷ്ടപ്പെടുന്നതുകൊണ്ട്, വായന ഒരു പക്ഷെ അസാദ്ധ്യമായിത്തീരാം. എന്നാൽ ഇതിനൊരു മറുവശവുമുണ്ട്, ജീവിതവ്യഥകളെ സമചിത്തതയോടെ നേരിടാൻ ഒരാളെ പ്രപ്തനാക്കുന്ന പരിശീലനപദ്ധതിയാണ് വായന'' എന്നു പറഞ്ഞു നിർത്തിയ മത്തായിസാർ മനുഷ്യസംസ്കാരത്തിന് വായനകൊണ്ട് ലഭിച്ച സംഭാവനയെപ്പറ്റി പ്രതികരിക്കുന്നത് ഇങ്ങനെയാണ് 'മനുഷ്യസംസ്കാരത്തെ രചിക്കുന്നതിലും നവീകരിക്കുന്നതിലും (ഒരുപരിധിവരെ മലിനീകരിക്കുന്നതിലും) സാങ്കേതികവിദ്യയേക്കാൾ പ്രാധാന്യം എഴുത്തും വായനയും തന്നെയാണ്.' അദ്ദേഹം ഇതുകൂടി കൂട്ടിച്ചേർത്തു; ''കാല–ദേശപരിമിതികൾക്കതീതമായി മഹാമനസ്സുകളുമായി സംവാദിക്കാൻ കഴിയുന്നത് വായനസാദ്ധ്യമായതു കൊണ്ടാണ്. ഒരു ജീവിതവീക്ഷണം രൂപപ്പെടുത്തുന്നതിൽ പൗരസ്ത്യവും പാശ്ചാത്യവുമായ എത്രയോ കൃതികൾ എന്നെ സ്വാധീനിച്ചിട്ടുണ്ട്. ആധുനികയുഗത്തിൽ സർഗ്ഗാത്മകരചനയും വായനയും തമ്മിൽ ഒരു ജൈവബന്ധം തന്നെയാണുള്ളത്.'' യുവതലമുറയുടെയും, അദ്ധ്യാപക സമൂഹത്തിന്റെയും വായനാശീലത്തെക്കുറിച്ച് അദ്ദേഹം: ''മുൻതലമുറകളിൽ എന്നപോലെ പുത്തൻ തലമുറയിലും വളരെ ഗൗരവപൂർവ്വം വായന ശീലിക്കുന്നവരുണ്ട്. വായനയെ പൂർണ്ണമായി അവഗണിക്കുന്നവരുമുണ്ട്. കാൽ നൂ

റ്റാണ്ടിന്റെ അദ്ധ്യാപകവൃത്തിയുമായുള്ള അനുഭവത്തിന്റെ വെളിച്ചത്തിൽ, വായനയോടുള്ള അദ്ധ്യാപക സമൂഹത്തിന്റെ സമീപനം തികഞ്ഞ താല്പര്യരഹിതവും, കുറ്റകരമായ അവഗണനയും പ്രകടമാകുന്നതാണ്. അദ്ധ്യാപകരുടെ വായനാ നിലവാരത്തെ "abysmal" എന്ന വാക്കുകൊണ്ടേ വിശേഷിപ്പിക്കാവൂ."

വാരികകളുടെയും ദിനപത്രങ്ങളുടെയും ഗുണമേന്മയെയും കുറിച്ച് ഉദാഹരണസഹിതം ഞങ്ങൾക്കുമുമ്പിൽ അവതരിപ്പിച്ചു അദ്ദേഹം : "ഭാഷാപോഷിണി വരുത്തുന്നുണ്ട് പലരും. അവരുടെ സ്വീകരണമുറികൾക്ക് ഒരലങ്കാരവസ്തു എന്ന നിലയിലാണ് "മനോരമ" നടത്തിയ ഒരന്വേഷണത്തിൽ കണ്ടെത്തിയതായി അതിന്റെ ഒരു പഴയ പത്രധിപർ പറഞ്ഞത് ഞാൻ ഓർക്കുന്നു. വായനയുടെ അഭാവം കൊണ്ട് കാമ്പസിനു സംഭവിച്ച മാറ്റത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു: "വായനയുടെ അഭാവമാണ് കാമ്പസുകളിലെ പുത്തൻപ്രവണതകളിൽ ഏറ്റവും അപകടമെന്നിരിക്കെ, വായനയുടെ അഭാവം കൊണ്ടാണ് ഇത്തരം പ്രവണതകൾ രൂപപ്പെട്ടതെന്നു അനുമാനിക്കുന്നത് ശരിയായിരിക്കുകയില്ല, എന്നാൽ മറ്റു ദുഷ്പ്രവണതകളെ രൂപവൽക്കരിക്കുന്നതിൽ വായനയുടെ അഭാവം അതിന്റേതായപങ്ക് വഹിക്കുന്നു എന്ന് ശരിയാണ്." വായന അന്യമാകുന്ന ഒരുകാലം? "തികഞ്ഞ ശുഭാപ്തി വിശ്വാസിയായ എനിക്ക് അങ്ങനെയൊരവസ്ഥ ഉണ്ടാകുമെന്ന് കരുതാൻ കഴിയുന്നില്ല. എന്നാൽ വായന ഇന്നത്തെ രീതിയിൽ തുടരുമെന്ന് ഞാൻ കരുതുന്നില്ല. ഇൻഫർമേഷൻ ടെക്നോളജിയിലെ വിപ്ലവകരമായ മാറ്റങ്ങളുടെ ഫലമായി പുസ്തകങ്ങളുടെ രൂപ-ഭാവങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന രൂപാന്തരങ്ങൾ വായനയുടെ പ്രകൃതത്തെയും മാറ്റുമെന്നെനിക്കുറപ്പാണ്. എങ്കിലും അക്ഷരവും വായനയും അനശ്വരങ്ങൾ തന്നെയായിരിക്കും." ●

# പോൾ കല്ലാനോട്





കവിയും ചിത്രകാരനുമായ പോൾ കല്ലാനോടും പ്രതികരിച്ചു: "ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ പൊതുവായി പ്രതികൂലസ്ഥിതിയുണ്ടാക്കുമെങ്കിലും, ഗൗരവമുള്ള വായനയെ അതു ബാധിക്കില്ല. സംഘർഷങ്ങളും വേവലാതികളും മനുഷ്യാസ്വാദനത്തിന്റെ വിലകുറഞ്ഞതും എളുപ്പവുമായ വഴികളിലേക്ക് ആളുകളെ ആകർഷിക്കാനിടയായേക്കാം."


വായന വ്യക്തിജീവിതത്തിൽ വരുത്തിയ മാറ്റം എന്ത്?

"വായന വ്യക്തിപരമായി എന്നെ അനുഭവിക്കാത്ത ലോകങ്ങളുടെ യാത്രക്കാരനാക്കി. കാണാത്ത ജീവിതങ്ങളുടെ സാക്ഷിയാക്കി കിട്ടാത്ത ആഹ്ളാദങ്ങളുടെ ഉടമയാക്കി. ക്രൗരത്തിൽ നിന്നും കാരുണ്യത്തിലേക്കുള്ള ജാലകം തുറന്നുതന്നു. സർഗാത്മകരചനയ്ക് വായന ഗുണം ചെയ്തേക്കും നിർബന്ധമില്ല. നല്ല വായനക്കാരായ പല മോശം എഴുത്തുകാരെയും ഞാൻ കണ്ടിട്ടുണ്ട്." അദ്ദേഹം കൂട്ടിച്ചേർത്തു. "പുത്തൻ തലമുറയിലെയും അദ്ധ്യാപക സമൂഹത്തിലെയും വായനാശീലത്തെക്കുറിച്ച് പോൾ കല്ലാനോടിന് പറയാനുണ്ടായിരുന്നതിതായിരുന്നു." പുതിയ തലമുറയിൽ അത്യഗാധമായ വായനാബോധമുള്ളവരുണ്ട് അവരുടെ എണ്ണം വളരെ കുറവാണെങ്കിലും, എന്നാൽ അദ്ധ്യാപക സമൂഹത്തിലെയും സ്ഥിതി ഇതു തന്നെ. ചിലരുടെ വായന അദ്ധ്യാപകനാവുന്നതോടെ കുറയുന്നു. ചിലപ്പോൾ വിവാഹത്തോടെ. ശേഷം വായന അനാവശ്യമാകുന്ന ഒരു കാലത്തെ കുറിച്ച് പറഞ്ഞ അദ്ദേഹം വായന കാലാതിവർത്തിയായി നിലനിന്നേക്കാവുന്ന ഒരു വിശുദ്ധവിനിമയോപാധിയാവണമെന്നൊന്നും എനിക്കു തോന്നിയിട്ടില്ല എന്ന് കൂട്ടിച്ചേർത്തു. വായനയുടെ സ്ഥാനം പലതും ആധുനികകാലത്ത് തട്ടിയെടുത്തു തുടങ്ങിയിട്ടുണ്ട്. വായനക്ക് നല്കാവുന്ന പലതും വായനയിലൂടെയേ കിട്ടൂ എന്നതിനാൽ വായന തീരെ അനാവശ്യമാകുന്ന ഒരു കാലത്തെക്കുറിച്ച് ഞാൻ സങ്കല്പിക്കുന്നതേയില്ല." ●

# നമ്മുടെ വായന

ഫീച്ചർ

## പ്രൊഫ. എം. താഹിർ



ഫാറൂഖ് കോളേജിലെ പ്രൊ. എം. താഹിർ, പഠിപ്പിക്കുന്നത് ഗണിതശാസ്ത്രം എന്നാൽ പരന്ന വായനയുള്ളയാൾ, ക്ലാസുകളിൽ വായനയുടെ പ്രകാശം പരത്തുന്ന അദ്ധ്യാപകൻ, വായനയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് പ്രതികരിക്കുന്നു :

വായനാശീലമുള്ളവരും എന്നാൽ വായനയെ വളരെ ഗൗരവമായി കാണാത്തവരും തികഞ്ഞലാഘവത്തോടെ ദൃശ്യമാധ്യമങ്ങളിലെ വിനോദപരിപാടികൾക്കും, പരസ്യങ്ങൾക്കും അടിമപ്പെടുന്നു. ഇങ്ങനെയുള്ളവരുടെ എണ്ണം നമ്മുടെ സംസ്കാരിക ജീവിതത്തിൽ ഒരുതരം പൊള്ളത്തരം സൃഷ്ടിക്കും.

മാനസിക പിരിമുറുക്കങ്ങൾക്ക് വിധേയനാകേണ്ടിവരുന്ന ഒരു വ്യക്തി തന്റെ വിശ്രമവേളകളിൽ ചെറുകഥയെക്കാൾ പലപ്പോഴും ഇഷ്ടപ്പെടുന്നത്, ഒരു തട്ട്പൊളിപ്പൻ പാട്ടോ, അല്ലങ്കിൽ തമാശ സിനിമകളോ ആയിരിക്കും.

പ്രശസ്തങ്ങളായ നോവലുകളുടെയും, ചെറുകഥകളുടെയും ഭേദപ്പെട്ട ദൃശ്യാവിഷ്കാരം വായനാശീലം തീരെ ഇല്ലാത്തവരെയും വായനയുടെ ലോകത്തേക്ക് പുനരാനയിക്കുവാൻ സാധിച്ചെന്നുവരും. അതുപോലെ മുഖാമുഖം , കവിസമ്മേളനങ്ങൾ തുടങ്ങിയവയും പ്രേക്ഷകനെ വായനയിലെക്കു സ്വാധീനിക്കാം.

ഒന്നാമത് വിജ്ഞാനവ്യാപനം കൊണ്ട്, പുരാതന മാനവിക നാഗരികതകളിലെല്ലാം അവയുടെ വികാസപരിണാമങ്ങളിൽ ലിഖിത ഭാഷക്കും, വായനക്കും നിർണ്ണായക സ്വാധീനമുണ്ടായിരുന്നു. മദ്ധ്യശതകങ്ങളിൽ ജ്വലിച്ചു നിന്നിരുന്ന ഇസ്ളാമിക സംസ്കാര കേന്ദ്രങ്ങളായ ബാഗ്ദാദും, കൊർദാവായു ഗ്രാദ്ധനായുമൊക്കെ അതിനുദാഹരണങ്ങളാണ്.

സാമൂഹ്യ-സാഹിത്യ-സാംസ്കാരിക-ശാസ്ത്രീയ മണ്ഡലങ്ങളെ സംബന്ധിച്ച് ഒരു വീക്ഷണം രൂപീകരിക്കുന്നതിനും, തുറന്ന സമീപനം സ്വീകരിക്കുന്നതിനും ഗ്രന്ഥപാരായണം എന്നെ സ്വാധീനിച്ചിട്ടുണ്ട്. ഒരു ഗണിത ശാസ്ത്രാധ്യാപകനെന്ന നിലക്ക് ക്ലാസ് സജീവവും രസകരവുമാക്കി തീർക്കാൻ ഗണിതശാസ്ത്ര ചരിത്രബോധം സഹായകമാകുന്നു. 'ആൾജിബ്ര' എന്ന വിഷയത്തിനു ആ പേര് ലഭിക്കുവാൻ കാരണമായ 11-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗണിതശാസ്ത്രധ്യാപകനായിരുന്ന ഇബ്നുമൂസ അൽ ഖാവസ്മിയുടെ ചരിത്രവും, 32-ാം വയസ്സിൽ അകാല ചരമമടഞ്ഞ ശ്രീനിവാസ രാമാനുജന്റെ കഥയുമെല്ലാം കുട്ടികളിൽ പ്രത്യേക താത്പര്യം ഉണർത്തുന്നു.

തന്റെ വിഷയത്തിൽ അവഗാഹം നേടുന്നതിനും പുതിയ മാതൃകകൾ സൃഷ്ടിക്കുന്നതിനും പരന്നവായന അനിവാര്യമാണ്.

കുട്ടികളിൽ ഒരു സമയ പരിധിക്കുള്ളിൽ പരിശീലിക്കപ്പെടേണ്ടതാണ് വായന. നമ്മുടെ ബഹുഭൂരിപക്ഷം കുടുംബങ്ങളിലും ഇത് നടക്കുന്നില്ല. പകരം ജീവിതത്തിലെ ഭൗതിക നേട്ടങ്ങൾ കൊയ്തെടുക്കാൻ കടുത്ത മത്സരത്തിന്റെയും മറ്റും പീഢനങ്ങളിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ ദുസ്വാധീനത്തിനു കൂടി ഇവർ വിധേയരാകുമ്പോൾ പുതിയ തലമുറക്ക് വായന അന്യമാകുന്നു.

വളരെ ഉയർന്ന ശമ്പളം കിട്ടാവുന്ന മേഖലകൾ അപ്രാപ്യമാകുമ്പോൾ അർദ്ധമനസ്സോടെ അദ്ധ്യാപക രംഗത്ത് കടന്നുവരുന്ന മദ്ധ്യവർത്തികളായ യുവാക്കൾ വായനയിലൂടെയും, പഠനത്തിലൂടെയും തങ്ങളുടെ അറിവും കഴിവും പകർന്നു നൽകുന്നതിൽ വിദ്യാർത്ഥിലോകത്തോട് വിമുഖത കാണിക്കുന്നു. വിദ്യാർത്ഥികൾക്ക് ഒരു `Role model' ആകേണ്ട അദ്ധ്യാപകൻ അങ്ങനെ വികൃതമായിത്തീരുന്നു.


സമൂഹത്തിന് മൊത്തത്തിൽ സംഭവിച്ചിട്ടുള്ള കമ്പോള വതികൃതമായ പരിവർത്തനങ്ങൾ വെച്ചു നോക്കുമ്പാൾ നിലവാരമുള്ള വാരികകളുടെ എണ്ണത്തിലും പ്രചാരത്തിലും ആശാവഹമായ വർദ്ധനവ് ഉണ്ടായതായി കരുതാൻ കഴിയുന്നില്ല.

വായനയിൽ ഗുണപരമായ മേന്മയുണ്ടായതായതിന്റെ ലക്ഷണമൊന്നും കാണുന്നില്ല.

## നമ്മുടെ വായന

*ഫീച്ചർ*






# പ്രൊഫ. വാസുദേവനുണ്ണി

**ഗു**രുവായൂരപ്പൻ കോളേജിന്റെ പ്രധാനധ്യാപകനായ പ്രൊഫ. വാസുദേവനുണ്ണിയുമായുള്ള സംഭാഷണത്തിൽ നിന്ന് :


ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നമുക്ക് Information ലഭിക്കുന്നു. പക്ഷെ knowledge ലഭിക്കുന്നില്ല. ഇപ്പോഴത്തെ തലമുറ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ അകൃഷ്ടരാകുന്നതിൽ തലമുറയുടെ പ്രശ്നം കൂടി ഉണ്ട്. അതായത് ഈ തലമുറക്ക് എല്ലാം പുതുമയാണ്, പുതിയ ചാനലുകൾ നൂതനങ്ങളാണ്. നൂതനങ്ങളായത് അനുകരിക്കുവാനുള്ള സ്വഭാവം സ്വാഭാവികമാണ്. ഒരു പക്ഷെ അടുത്ത തലമുറയിൽ ഇതിനു മാറ്റം വന്നേക്കാം.

നമുക്കിവിടെ കൈവിരലിൽ എണ്ണാവുന്ന ചാനലുകൾ മത്രമാണ് ലഭിക്കുന്നത്. പക്ഷെ, അമേരിക്കയിൽ ഇരുനൂറിലധികം ചാനലുകൾ ലഭിക്കുന്നു. അതുകൊണ്ട് അവർക്കതിൽ ഒരു പുതുമയുമില്ല. ഇങ്ങനെയെല്ലാമായിട്ടും അമേരിക്കയിൽ പുസ്തകത്തിന്റെ സ്ഥാനത്തിന് ഒരു കോട്ടവും വന്നിട്ടില്ല. നമുക്കിവിടെ എല്ലാം പുതുമയായതിനാൽ അനുകരണം കൂടുന്നു. അപ്പോഴാണ് വായന അന്യമാവുന്നത്.'' ശേഷം അദ്ദേഹം കൂട്ടിച്ചേർത്തു, ''വായന എനിക്ക് വളരെയധികം സന്തോഷം തരുന്നു. കൂടാതെ ഒരു ബട്ടൺ അമർത്തിയാൽ തെളിഞ്ഞു വരുന്ന വിവരം വായനയിൽ നിന്നു ലഭിക്കുന്ന ജ്ഞാനത്തിനു പകരമാവില്ല.വായന ഒരു അനുഭവമാണ് ഒരു അനുഭവമില്ലാതെ എഴുതാൻ പറ്റില്ലല്ലോ. അധികം വായിക്കുന്നത് കൊണ്ട് ഒരാൾ എഴുത്ത്കാരനാകണമെന്നില്ല. ഇപ്പോൾ അദ്ധ്യാപക തലമുറയിൽ വായിക്കുന്നവരുടെ എണ്ണം വളരെ ചുരുങ്ങി. പക്ഷെ വായിക്കുന്നവരാകട്ടെ വായിക്കുന്ന പുസ്തകങ്ങളുടെ എണ്ണം കൂട്ടി.''

വാരികകളുടെയും ദിനപത്രങ്ങളുടെയും ഇന്നത്തെ ഗുണമേന്മയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം, ''മാസികകളുടെയും, വാരികകളുടെയും പ്രചാരം മൂലം നമ്മുടെ ജിവിതശൈലിയിൽ മാറ്റം വരുന്നുണ്ട്. ആരോഗ്യരംഗത്തും സാക്ഷരത യിലും മറ്റും നാം മുൻപന്തിയില ണ്. അതിനുകാരണം കൂടുതുൽ അ റിവ് ഈ മാധ്യമങ്ങളിലൂടെ നാം നേ ടുന്നു. ഈ അറിവ് അവനെ വീണ്ടു പലതും നേടാൻ തത്പരനാക്കുന്നു അങ്ങിനെ അവനവന്റെ കാര്യം മ ത്രം നോക്കുന്ന, സ്വാർത്ഥനായ ഒ ളേക്കാളും ഈ മാധ്യമങ്ങൾ സഹാ യിക്കുന്നു. സാക്ഷരത കൂടിയത് നാൽ ഇവിടെ അഭിരുചി കുറയു ന്നു. അതാണല്ലോ പൈങ്കിളി വാ കകളുടെ പ്രചാരം വർദ്ധിക്കുവാനു ള്ള കാരണവും'', അതോടൊപ്പം ന മ്മുടെ കാമ്പസ്സുകളിൽ വായനയു ടെ അഭാവമാണെന്ന് ഇന്നത്തെ പു ത്തൻ പ്രവണതകൾക്ക് കാരണ ന്നും അദ്ദേഹം പറഞ്ഞു. ശേഷ വായന അനാവശ്യമാകുന്ന ഒരു കാ ലത്തെക്കുറിച്ച് ചിന്തിക്കുവാൻ പേ ലും സാധിക്കുകയില്ലായിരുന്നു.

# നമ്മുടെ വായന

ഫീച്ചർ




## എം. അയൂബ്

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഏറ്റവും മികച്ച ലൈബ്രറിയുടെ ലൈബ്രേറിയൻ; ഫാറൂഖ് കോളേജ് ലൈബ്രേറിയൻ എം. അയൂബ് ഗ്രന്ഥശാലാ സംഘം കൗൺസിൽ അംഗവും ലൈബ്രറി സയൻസിൽ ഉന്നത ബിരുദധാരിയുമായ അയൂബ് ചർച്ചയിൽ ഈ വിധം അഭിപ്രായപ്പെട്ടു :

ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ വന്ന മാറ്റം ഒരളവോളം സമൂഹത്തെ ബാധിക്കുന്നുണ്ട്. സ്വന്തമായി അദ്ധ്വാനിച്ചെങ്കിൽ മാത്രമെ ഇന്നു കുടുംബം പുലർത്താൻ പറ്റു. പണ്ടത്തെ പോലെ ഇന്ന് ഭൂരിഭാഗവും സ്വത്തുക്കൾക്കുടമകളല്ല. അത് കൊണ്ട് തന്നെ ദൈനംദിന ജീവിതത്തിലെ സംഘർഷങ്ങളും, വേവലാതികളോടുമെല്ലാം ഇടപെടുന്ന മനുഷ്യന്റെ ഭൂരിഭാഗം സമയവും അങ്ങനെ നഷ്ടപ്പെടും ഇങ്ങനെ അവൻ വായനയുടെ ലോകത്ത് നിന്നും മാറിപ്പോകുവാൻ കാരണമാകുന്നു.''


യുവതലമുറയിൽ വായന കുറഞ്ഞു വരുന്നതായി പറഞ്ഞ അദ്ദേഹം അദ്ധ്യാപകസമൂഹത്തിലെ വായനയെക്കുറിച്ച്, ' 'പാഠ്യവിഷയങ്ങളിലുള്ള വായനയിൽ മിക്കവരും ഒതുങ്ങി നിൽക്കുന്നു. വിഷയങ്ങളിലുള്ള പ്രസിദ്ധീകരണങ്ങൾ പോലും പലരും വായിക്കുന്നില്ല. ശേഷം നാം നിത്യേന (Journals) കാണാറുള്ള കാമ്പസ്സിലെ പുത്തൻ പ്രവണതകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണമെന്തെന്നാൽ വായനയുടെ അഭാവത്തേക്കാളേറെ ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള പാശ്ചാത്യൻ സംസ്കാരത്തിന്റെ തള്ളിക്കയറ്റമാണ് ഇതിനു കാരണമെന്നാണ്.





## ഷാഹിന ബഷീർ

കോഴിക്കോട് കറന്റ് ബുക്സിന്റെ ശാഖയുടെ ചുക്കാൻ പിടിക്കുന്ന ഷാഹിനയുടെ അഭിപ്രായങ്ങൾ ഈ വിധം ആയിരുന്നു; ''ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വായനയെ ബാധിക്കുന്നുണ്ട്. എന്നാൽ അതിനു കാരണം വർദ്ധിച്ചു വരുന്ന സംഘർഷങ്ങളും മറ്റുമാണ്. എന്നാൽ ഗൗരവമേറിയ വായനയെ ഇതൊന്നും തന്നെ ബാധിക്കുന്നില്ല. ആധുനിക ലോകത്തെ സമയമില്ലായ്മയും മറ്റും വായനയുടെ ലോകത്തു നിന്നും ജനങ്ങളെ മാറ്റുന്നു. അതായത് പത്രത്തിലെ ഒരു സുപ്രധാന വാർത്ത വായിക്കുവാൻ നാം 5 മിനിറ്റെടുക്കുന്നുവെങ്കിൽ ഇന്നു ടെലിവിഷനിലൂടെ 5 മിനിറ്റുകൊണ്ട് ലോകമൊന്നാകെ സംഭവിച്ച പത്ത് പ്രധാന വാർത്തകൾ അറിയാം. ഈ വ്യത്യാസമാണ് ആധുനിക യുഗത്തിലെ മനുഷ്യനെ വായനയിൽ നിന്നും വ്യതിചലിപ്പിക്കുന്നത്. കൂടാതെ നമ്മെ നാമാക്കി ചിന്തിക്കുവാനുള്ള പ്രേരണയിലൂടെ വായന നമ്മുടെ ജീവിതത്തിലൂടെ നാമറിയാതെ മാറ്റങ്ങൾക്ക് വിധേയനാകുന്നു. അതുപോലെ സർഗ്ഗാത്മക രചനയും വായനയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുകയാണ്.'' ശേഷം വായന അനാവശ്യമാകുന്ന ഒരു കാലത്തെക്കുറിച്ച് ചോദിച്ചപ്പോൾ, ''കാണുവാൻ സാധിക്കുന്നില്ല കാരണം, ഞങ്ങളെ പോലുള്ളവരുടെ കഞ്ഞി കുടി നിർത്തലാക്കുന്ന ഏർപ്പാടാണിത്.'' ഒരു പ്രസാധക സ്ഥാപനത്തിന്റെ ശാഖാ മാനേജർ എന്ന നിലയിൽ മലയാളികൾക്കിടയിൽ പൊതുവെ വായനാശീലം കുറഞ്ഞു വരികയാണെന്നവർ പറഞ്ഞു. പുസ്തക വില്പന തന്നെ പരിശോധിക്കുമ്പോൾ ജനങ്ങൾ പൊതുവെ കഥാ-നോവൽ പുസ്തകങ്ങൾ വാങ്ങുന്നു. കവിതാ പുസ്തകങ്ങൾ വില്പന വളരെ കുറവ്. ഇതിൽ തന്നെ പ്രശസ്തരായ ആളുകളുടേത് മാത്രമാണ് നല്ലപോലെ ചിലവാകുന്നതെന്ന് ഷാഹിന പറഞ്ഞു.



## ജിഷ


**നി**ർബനധിത വായനയുടെ കണ്ണികളായ വിദ്യാർത്ഥി സമൂഹത്തിലെ പ്രതിനിധിയും ഫാറൂഖ് കോളേജ് രണ്ടാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയുമായ ജിഷയുടെ പ്രതികരണങ്ങൾ ശ്രദ്ധേയമാണ്.

ആധുനികതയുടെ ഉച്ഛ്വാസ വായുവും ശ്വസിച്ച് കുതിക്കുന്ന പുതിയ തലമുറ ഇന്ന് വിഡ്ഢിപ്പെട്ടികൾക്ക് മുന്നിൽ അവരുടെ മസ്തിഷ്കം അടിയറ വെച്ചിരിക്കുകയാണ്. അതേ സമയം ദൃശ്യ-ശ്രവ്യ മാധ്യമങ്ങളും, വായനയും തമ്മിലുള്ള ബന്ധം ഒഴിച്ചു കൂടാനാകാത്തതാണെന്നും അഭിപ്രായപ്പെട്ടു. ആധുനിക ജീവിത സാഹചര്യങ്ങൾ മനുഷ്യനെ വേഗതയുടെയും, തിരക്കിന്റെയും ലോകത്തിൽ കഴിച്ചുകൂട്ടാൻ നിർബന്ധിതനാക്കുന്നു.

ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വായിക്കാനുള്ള ത്വരയെ കൊല്ലുകയും ആസ്വാദനത്തിന്റെ വ്യാപ്തി നശിപ്പിക്കുകയും ചെയ്യുന്നു. ശക്തിയും വെളിച്ചവുമുള്ള വാക്കുകൾക്ക് അന്വേഷണത്വരയുള്ള മനസ്സുകളിൽ പ്രകമ്പനങ്ങൾ സൃഷ്ടിക്കുകയും സാഹിത്യ വൈജ്ഞാനിക ഗ്രന്ഥങ്ങൾ പിറക്കുകയും അവ സംസ്കാരത്തിന്റെ പ്രബുദ്ധതയ്ക് കാരണമാവുകയും ചെയ്യുന്നു. 'വിശ്വമാനവികത' എന്ന ദർശനത്തിന്റെ ആകർഷണീയത വീക്ഷണങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. സർഗ്ഗാത്മക രചനയും വായനയും ഇഴ പിരിയാനാകാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നു.

പുതിയ തലമുറയ്ക് പുസ്തകം ഭാരമവുകയാണ്. താല്കാലിക രസത്തിനും വിനോദത്തിനും മത്സ ങ്ങളുടെ ചന്തപ്പുറത്ത് നേട്ടങ്ങൾക്കുമായി വായിക്കാൻ നിർബന്ധിതരാവുകയുമാണിവർ. അദ്ധ്യാപകരാവട്ടെ 'സ്പെഷ്യലൈസേഷന്റെ' ചങ്ങലകളിൽ ബന്ധിതരും. വാരികകളുടെ എണ്ണം അക്കങ്ങളിൽ വർദ്ധിക്കുന്നെങ്കിലും ഗുണത്തിൽ കുറയുന്നു. ഇന്നത്തെ കാമ്പസിൽ വ്യക്തിത്വമില്ലാതെ വ്യക്തി വൈശിഷ്യങ്ങളില്ലാതെ കാറ്റത്തിന്റെ താളത്തിനൊത്ത് നീങ്ങുന്ന അപ്പൂപ്പൻ താടിപോലെ നീങ്ങുകയാണ്.


പതിരുമാത്രമായ പാഠം സങ്കല്പിക്കാനാവാത്തതു പോലെ വായന അനാവശ്യമായ കാലത്തെ കുറിച്ച് ചിന്തിക്കാനാവില്ല. അങ്ങനെയുള്ള ഒരു അയഥാർത്ഥ സമൂഹത്തിൽ നിർവികാരതയായിരിക്കുമെങ്ങും. അത് ഒരു ജുറാസിക് യുഗത്തിലേക്കുള്ള പരിണാമത്തിന്റെ പടിപ്പുരയായിരിക്കും.



## നമ്മുടെ വായന

### ഫീച്ചർ

നവശാസ്ത്ര സാധ്യതകളുടെ ഊർണ്ണനാഭി നൂലിൽ കുരുങ്ങി ഊർദ്ധം വലിക്കുന്ന പുതു ജീവിതം. ഇരുൾ കീറി പകലിന്റെ പൊരുളറിയാൻ പതിരുചേരി കതിരിന്റെ കനവറിയാൻ നാരായത്തുമ്പിന്റെ നെറിയും നെറികേടുമറിയാൻ ഇത്തിരി സമയമെങ്കിലും നാം കടമെടുത്തെങ്കിൽ......



**അ**ക്ഷരങ്ങളിൽ നിന്നും അക്ഷരങ്ങളിലേക്കുള്ള തീർത്ഥ യാത്രയിൽ സന്ദേഹസംഭ്രമങ്ങൾ കൊണ്ടു തിരിഞ്ഞു നടക്കാൻ പഠിച്ചവർ ഏറെ. മഹാമാരിയും കൊടുങ്കാറ്റും അതിജീവിച്ച് സത്‌ലോകത്തിന്റെ നിത്യവിസ്മയങ്ങൾ കണ്ടെത്താൻ വിധിച്ചിരുന്നവർ വിരളം. പ്രപഞ്ച പ്രകൃതിയുടെ പൊരുളറിയാൻ ജീവിതം ഹോമിച്ച നമ്മുടെ പൗരാണിക പൈതൃകം.